**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1112** **12-06-2024 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ നഗരസഭയുടെ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ നഗരസഭ കുടിവെള്ള പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ; | (എ) | പയ്യന്നൂർ മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് 2007 ൽ 40.19 കോടി രൂപയുടെ ഭരണാനുമതി നൽകുകയും,കിണർ നിർമ്മാണവും അനുബന്ധ പ്രവർത്തികളും ഒഴികെ പൂർത്തിയാക്കിയ പ്രവൃത്തി ഘടകങ്ങൾ ഉപയോഗിച്ച് ജിക്ക പട്ടുവം പദ്ധതികളിൽ നിന്നും വെള്ളം ടാപ്പ് ചെയ്ത് 1/02/2016 മുതൽ ശുദ്ധജല വിതരണം നടത്തി വരുന്നു. |
| (ബി) | ഈ പദ്ധതിക്ക് എപ്പോഴാണ് ഭരണാനുമതി നൽകിയതെന്നും എത്ര കോടി രൂപയാണ് ഭരണാനുമതി തുകയെന്നും വ്യക്തമാക്കാമോ; | (ബി) | 2007 ൽ ലഭ്യമായ 40.19 കോടി രൂപയിൽ പൂർത്തിയാകാത്ത ഘടകങ്ങൾക്ക് വേണ്ടി അമൃത് 2 .0 പദ്ധതിയിലുൾപ്പെടുത്തി 23.21 കോടി രൂപക്ക് 26/9/2023 ൽ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. അമൃത് 2.0 പദ്ധതിയിലുൾപ്പെട്ട കിണർ നിർമ്മാണവും , പമ്പ് ഹൗസും ഉൾപ്പെട്ട പ്രവൃത്തിക്ക് (പാക്കേജ് 1), ജല വിതരണ ശൃംഖല, കുടിവെള്ള കണക്ഷൻ എന്നിവ ഉൾപ്പെട്ട പ്രവൃത്തി (പാക്കേജ് II) എന്നിവയുടെ ടെൻഡർ നടപടികൾ നടന്നു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി യാഥാർത്ഥ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | 2017 -18 ൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി പയ്യന്നൂർ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ചപ്പാരപ്പടവിലെ കിണർ നിർമ്മാണ പ്രവൃത്തി ആരംഭിക്കാനാണ് ശ്രമിച്ചതെങ്കിലും പഞ്ചായത്തിന്റെ നിസ്സഹകരണവും ഇറിഗേഷൻ വകുപ്പിന്റെ കാട്ടാമ്പള്ളി തടയണ നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കാതെ കിണർ നിർമ്മാണം നടത്തുവാൻ അനുവദിക്കില്ലായെന്ന നാട്ടുകാരുടെ ശക്തമായ പ്രതിഷേധവും കാരണം പ്രവൃത്തി മുന്നോട്ടു കൊണ്ടു പോകുവാൻ സാധിച്ചിട്ടില്ല. നിലവിൽ അമൃത് 2.0 ൽ ടെൻഡർ നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ